## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2283 23/01/2014- ൽ മറുപടിക്ക്

# കൊല്ലം ജില്ലയിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷൻ എത്ര പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്നു; അവ ഏതെല്ലാം; | (എ) | വെളിയം ഇലക്ട്രിക്കൽ സെക്ഷൻ പൂയപ്പള്ളി, വെളിയം, ഓടനാവട്ടം, വെളിനല്ലൂർ, കരീപ്ര, നെടുമ്പന, ഉമ്മന്നൂർ എന്നീ ഏഴ് പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്നു. |
| (ബി) വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്; വെളിയം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് ഓടനാവട്ടം കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഏകദേശം 22305 ഉപഭോക്താക്കൾ ഉണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ വിഭജനം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് രൂപീകരിക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | തീരുമാനിച്ചിട്ടില്ല. |

(. . . . 2 )

| | |
| --- | --- |
| (ഡി) കരീപ്ര ഗ്രാമപഞ്ചായ ത്തിൽ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കരീപ്ര ഗ്രാമപഞ്ചായത്തിൽ കഴിമതിക്കാട് കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് പ്രസ്തുത സെക്ഷന്റെ വിഭജനം ഇപ്പോൾ ബോഡിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**